| | |
|---|---|
| **KSEB**<br>കേരളത്തിന്റെ ഊർജ്ജം | **KERALA STATE ELECTRICITY BOARD LIMITED**<br>(Incorporated under the Companies Act, 1956)<br>**Office of the Chairman & Managing Director**<br>Reg. Office : Vydyuthi Bhavanam,<br>Pattom,Thiruvananthapuram – 695004, Kerala.<br>**CIN : U40100KL2011SGC027424**<br>Website : www.kseb.in |

**No. CSEC-SS1/2022/77** **Dated: 23.04.2022**

## പരിപത്രം

വിഷയം: 'എന്റെ ജില്ല' മൊബൈൽ ആപ്പ് കെ.എസ്.ഇ.ബിയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് :-

സൂചന: ബഹുമാനപ്പെട്ട വൈദ്യുതിവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നൽകിയ 142/M(Ele)/PS/Note/2022 തീയതി 01-04-2022- ലെ കുറിപ്പിന്മേൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയ നിർദേശം.

സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനായി കേരളസർക്കാർ തയ്യാറാക്കിയതാണ് 'എന്റെ ജില്ല' മൊബൈൽ ആപ്പ്. ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും 'എന്റെ ജില്ല' (ente jilla) ആപ്പ് ഡൗൺലോഡ് ചെയ്യാം. ആപ്പ് ഉപയോഗിക്കുന്നതിന് മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാം. മൊബൈൽ നമ്പർ സുരക്ഷിതമായിരിക്കും.

ഈ ആപ്പിലൂടെ സർക്കാർ ഓഫീസുകൾ കണ്ടെത്താനും വിളിക്കാനും കഴിയും. കൂടാതെ, അനുഭവങ്ങൾ, അവലോകനങ്ങൾ എന്നിവ രേഖപ്പെടുത്താനും അവസരമുണ്ട്. അതിനുശേഷം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവലോകനങ്ങൾ രേഖപ്പെടുത്താം. ഒന്ന് മുതൽ അഞ്ചു വരെ റേറ്റിംഗ് നൽകാനും സാധിക്കും. നിലവിൽ 30,000 ൽ പരം സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഈ ആപ്ലിക്കേഷൻ സേവനം ലഭ്യമാണ്.

ആപ്പിൽ രേഖപ്പെടുത്തുന്ന അവലോകനം പരസ്യമായിരിക്കും. നല്ല പ്രകടനം നടത്തുന്നവർക്ക് ഇതൊരു പ്രചോദനമാകും. മറ്റുള്ളവരെ കൂടുതൽ ഉത്തരവാദിത്ത ബോധമുള്ളവരാക്കുകയും ചെയ്യാം.

ആപ്പിൽ രേഖപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.എൽ-ൻറെ ഏതെങ്കിലും ഓഫീസുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അതാത് കളക്ടറേറ്റിലെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ബന്ധപ്പെട്ട് അവരവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളും ഉൾപ്പെടുത്തുന്നതിനും ആപ്പിലെ ഉദ്യോഗസ്ഥരുടെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ പുതുക്കാനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും http://entejilla.kerala.gov.in/ പോർട്ടൽ ആക്സസ് ചെയ്യാവുന്നതാണ്. ഇതിൽനിന്നും സംസ്ഥാനതല റിപ്പോർട്ടുകൾ, ജില്ലാതല റിപ്പോർട്ടുകൾ, വകുപ്പ് തിരിച്ചുള്ള റിപ്പോർട്ടുകൾ എന്നിങ്ങനെ പ്രതികരണങ്ങൾ ലഭ്യമാണ്. ഉദ്യോഗസ്ഥർ പോർട്ടൽ ഉപയോഗിക്കുകയും പ്രവർത്തനം അവലോകനം ചെയ്യേണ്ടതുമാണ്. തുടർച്ചയായ ഫീഡ്ബാക്ക് സംവിധാനവും സമയോചിതമായ ഇടപെടലും സ്വീകരിക്കേണ്ടതാണ്.

പൊതുജനങ്ങളുടെ ആശങ്കകൾ തിരിച്ചറിയാനും സമയബന്ധിതമായി പരിഹരിക്കാനും മേൽനോട്ടം സഹായകമാകും. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പ്രതികരണങ്ങൾ വിശകലനം ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ ആപ്പിൽ മറുപടിയായി രേഖപ്പെടുത്തേണ്ടതുമാണ്.

ഇക്കാര്യത്തിൽ ഇലക്ട്രിക്കൽ ഡിവിഷൻ, സർക്കിൾ, മേഖല, ഡയറക്ടർ തലത്തിൽ ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നും അവരുടെ പേരും കോണ്ടാക്ട് നമ്പറും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ലഭ്യമാക്കണമെന്നും. കൂടാതെ, ലഭിച്ച പരാതികളുടെ ഒരു ക്രോഡീകരിച്ച ലിസ്റ്റ് എല്ലാ മാസവും അഞ്ചാം തീയതിയ്ക്ക് മുമ്പായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

'എന്റെ ജില്ല' മൊബൈൽ ആപ്പിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് കെ.എസ.ഇ.ബി ലിമിറ്റഡിലെ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഡയറക്ടർ ബോർഡിലേയ്ക്കും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്കും യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും നോഡൽ ഓഫീസറായി ഡിസ്ട്രിബ്യൂഷൻ & ഐ.ടി. ഡയറക്ടറുടെ സാങ്കേതികഉപദേഷ്ടാ(ടി. എ)വിനെ ചുമതലപ്പെടുത്തുന്നു. മൊബൈൽ ആപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഡയറക്ടറുടെ ഓഫീസിലെ നോഡൽഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഇലക്ട്രിക്കൽ ഡിവിഷൻ, സർക്കിൾ, മേഖല തലത്തിൽ ചുമതലപ്പെടുത്തപ്പെടുന്ന നോഡൽ ഓഫീസർമാർ പ്രവർത്തിയ്ക്കേണ്ടതാണ്.

<u>ഡയറക്ടറുടെ ഓഫീസിലെ നോഡൽ ഓഫീസറുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.</u>

1.കെ.എസ.ഇ.ബി.എൽ-ൻറെ എല്ലാ ഓഫീസുകളും 'എന്റെ ജില്ല' മൊബൈൽ ആപ്പിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

2.ഇലക്ട്രിക്കൽ ഡിവിഷൻ, സർക്കിൾ, മേഖലാതലത്തിൽ സമാനമായി നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും അവരുടെ പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്യുക.

3.അപ്രകാരം ചുമതലപ്പെടുത്തപ്പെടുന്ന നോഡൽ ഓഫീസർമാരുടെ ഓഫീസ് തിരിച്ചുള്ള പേരും കോണ്ടാക്ട് നമ്പരും ക്രോഡീകരിച്ച് സൂക്ഷിക്കുക.

4.പൊതുജനങ്ങളിൽനിന്നും 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ് മുഖാന്തിരം ലഭിക്കുന്ന പരാതികളുടെയും പ്രതികരണങ്ങളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും ക്രോഡീകരിച്ച ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുക.

5.ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്കും കമ്പനിയുടെ ഡയറക്ടർമാർക്കും ബന്ധപ്പെട്ട റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുക.

6.'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ വരുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുക.

Dr. ASHOK B.
CHAIRMAN

1. ഡിസ്ട്രിബ്യൂഷൻ ഡയറക്ടറുടെ സാങ്കേതിക ഉപദേഷ്ടാവ്(ടി.എ.)
2.കെ.എസ്.ഇ.ബി. യുടെ ഔദ്യോഗിക വെബ്സൈറ്റ്